പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 59– 5/6/2018–ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. അബ്ദു റബ്ബ്<br>ശ്രീ. ടി. എ. അഹമ്മദ് കബീർ<br>ശ്രീ. മഞ്ഞളാം കുഴി അലി<br>ശ്രീ. സി. മമ്മൂട്ടി | ഡോ. ടി. എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

## പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| (എ) പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശങ്ങളിൽ സംസ്ഥാനത്തിന് ദോഷകരമായവ എന്തെല്ലാമാണ്; | പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റെഫറൻസിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ സംസ്ഥാനത്തിന് ദോഷകരമാണ്.<br>(1) സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം നിശ്ചയിക്കുന്നതിന് മാനദണ്ഡമായി 2011 –ലെ ജനസംഖ്യ ഉപയോഗിക്കുന്നത്<br>(ടേംസ് ഓഫ് റെഫറൻസിലെ ഐറ്റം 8)<br><br>(2) സംസ്ഥാനങ്ങൾക്കു നൽകുന്ന റവന്യു കമ്മി ധനസഹായം പുനഃ പരിശോധനാ വിധേയമാക്കുന്നത്.<br>(ടേംസ് ഓഫ് റെഫറൻസിലെ ഐറ്റം 5)<br><br>(3) ഭരണഘടനാനുഛേദം 293(3) പ്രകാരം സംസ്ഥാനങ്ങൾക്ക് കടമെടുക്കുന്നതിന് കേന്ദ്ര ഗവണ്മെന്റ് നൽകി വരുന്ന അനുവാദത്തിനു നിബന്ധനകൾ ഏർപ്പെടുത്തുന്നത് പരിശോധിക്കുവാനുള്ള നിർദ്ദേശം.<br>(ടേംസ് ഓഫ് റെഫറൻസിലെ ഐറ്റം 6)<br><br>(4) ഇൻസെന്റീവ് സംബന്ധിച്ച നിർദ്ദേശം. (ടേംസ് ഓഫ് റെഫറൻസിലെ ഐറ്റം 7) |

| | |
|---|---|
| | (5) ജനക്ഷേമകരമായ പദ്ധതികൾ നടപ്പിൽ വരുത്തുന്നത് നിയന്ത്രണ വിധേയമാക്കുന്നത്. [ടേംസ് ഓഫ് റെഫറൻസിലെ ഐറ്റം 7(viii)] |
| (ബി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് ധനകാര്യ കമ്മീഷനെ അറിയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ; | ഉണ്ട്. പതിനഞ്ചാം ധനകാര്യകമ്മീഷൻ സംസ്ഥാനത്ത് സന്ദർശനം നടത്തിയപ്പോൾ (28.5.2018 മുതൽ 31.5.2018 വരെ) ടേംസ് ഓഫ് റെഫറൻസിലെ ദോഷകരമായ നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെടുത്തി സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ അടങ്ങുന്ന മെമ്മോറാണ്ടം കമ്മീഷന് കൈമാറിയിട്ടുണ്ട്. കൂടാതെ ടേംസ് ഓഫ് റെഫറൻസിലെ അപാകതകൾ / സഹകരണാത്മക ഫെഡറലിസത്തിന്റെ അന്തസത്തയ്ക്ക് വിരുദ്ധമായ കാര്യങ്ങൾ തിരുത്തണമെന്ന നിലപാട് സംസ്ഥാന ധനമന്ത്രിമാരുടെ തിരുവനന്തപുരം, അമരാവതി കോൺക്ലേവുകൾ കൈക്കൊള്ളുകയും ആയത് ഒരു നിവേദനത്തിലൂടെ ആദരണീയനായ ഇന്ത്യൻ രാഷ്ട്രപതിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി)ഏതെല്ലാം മേഖലയിലെ പ്രവർത്തനങ്ങൾക്കാണ് പ്രത്യേക കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ? | പ്രത്യേക ഗ്രാന്റുകൾ നൽകാൻ കമ്മീഷൻ ശുപാർശ ചെയ്യുകയാണെങ്കിൽ താഴെപ്പറയുന്ന മേഖലകൾക്ക് ഗ്രാന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>(i) തീരപ്രദേശ സംരക്ഷണം -1500കോടി<br>(ii)വനസംരക്ഷണം - 1000കോടി<br>(iii)റബ്ബർ കർഷകർക്കുള്ള സഹായം - 250 കോടി<br>(iv) മടങ്ങി വരുന്ന പ്രവാസികളുടെ പുനരധിവാസം - 1500കോടി<br>(v)മെച്ചപ്പെട്ട തൊഴിൽ ലഭിക്കുന്നതിനാവശ്യമായ നൈപുണ്യ വികസനം - 750 കോടി |

അക്കൗണ്ട്സ് ഓഫീസർ